II അടിയന്തര പ്രമേയം

സപ്ലൈകോ വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളിലെ മായം

മി. സ്പീക്കർ: സപ്ലൈകോ മുഖേന വിതരണം ചെയ്യുന്ന ഭക്ഷ്യ വസ്തുക്കളിൽ മായം ചേർന്നിട്ടുള്ളതായി പരിശോധനയിൽ കണ്ടെത്തിയതിനെത്തുടർന്ന് ഉദ്യോഗസ്ഥർക്കും കരാറുകാർക്കുമെതിരെ നടപടി സ്വീകരിക്കണമെന്ന് സെൻട്രൽ റേഞ്ച് വിജിലൻസ് എസ്.പി.-യുടെ റിപ്പോർട്ടിൽ ശുപാർശ ചെയ്തിട്ടും അതിന്മേൽ നാളിതുവരെ യാതൊരു നടപടിയും സ്വീകരിക്കാതെ മായം കലർന്ന ഭക്ഷ്യവസ്തുക്കൾ നിർബാധം വിതരണം ചെയ്യുന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സംബന്ധിച്ച് സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ. എം. മാണി, കെ. സി. ജോസഫ്, സി. ടി. അഹമ്മദ് അലി, കെ. പി. മോഹനൻ, കെ. ബി. ഗണേഷ് കുമാർ, കെ. കെ. ഷാജു എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): സർ, ബഹുമാനപ്പെട്ട മാണി സാർ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിരിക്കുന്ന അടിയന്തിര പ്രമേയത്തിൽ കാണുന്ന പ്രധാനപ്പെട്ട പരാതി വിജിലൻസ് അന്വേഷണത്തിനുശേഷം സർക്കാർ ഇപ്പോഴും നിർബാധം മായം ചേർത്ത ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്യുന്നു, ഗവൺമെന്റ് നാളിതുവരെ ഇതിൻമേൽ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല, സപ്ലൈകോ കരാറുകാരനിൽനിന്ന് മേൽപ്പറഞ്ഞ സാധനങ്ങൾ വാങ്ങിയ ഇനത്തിൽ നൽകിയ തുക തടഞ്ഞുവയ്ക്കാനും സർക്കാർ കൂട്ടാക്കിയിട്ടില്ല എന്നുള്ളതാണ്. ഈ ഗുരുതരമായ അവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ട 12-ാം തീയതി തന്നെ വീഴ്ചവരുത്തിയ ഉദ്യോഗസ്ഥൻമാരുടെ പേരിൽ കർശനമായ നടപടിയെടുക്കണമെന്ന് ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റ് സപ്ലൈകോയ്ക്ക് നിർദ്ദേശം കൊടുത്തു. അതിന്റെ അടിസ്ഥാനത്തിൽ സെബാസ്റ്റ്യൻ, ഡിസ്ട്രിക്ട് ഡിപ്പോ മാനേജർ തൃശ്ശൂർ, വിജയലക്ഷ്മി, ജനറൽ മാനേജർ, തൃശ്ശൂർ ഡിപ്പോ, വിനേഷ്, സീനിയർ അസിസ്റ്റന്റ്, തൃശ്ശൂർ ഡിപ്പോ, ടി. അബ്ദുള്ള, ജൂനിയർ അസിസ്റ്റന്റ്, സ്റ്റോക്ക് കസ്റ്റോഡിയൻ ഈ നാലുപേരെ അനിശ്ചിത കാലത്തേയ്ക്ക് സസ്പെന്റ് ചെയ്ത് എൻക്വയറി നടക്കുന്നുണ്ട്. അതുപോലെതന്നെ എറണാകുളം ഡിപ്പോയിലെ ജൂനിയർ മാനേജരായ ശ്രീ. ആശു ബേക്കറെ പിരിച്ചുവിട്ടു. 28 സപ്ലയേഴ്സിൽ 14 പേരെ ബ്ലാക്ക് ലിസ്റ്റ് ചെയ്തു. അവരുടെ ഡെപ്പോസിറ്റ് ഫൊർഫീറ്റ് ചെയ്യാനും അവരുടെ പേരിൽ നോട്ടീസ് അയയ്ക്കാനും നടപടി സ്വീകരിച്ചുകഴിഞ്ഞു. യഥാർത്ഥത്തിൽ ഹൈക്കോടതിയിൽ ഇങ്ങനെയൊരു പെറ്റീഷൻ കൊണ്ടുവരുന്നത് ഇ-ടെണ്ടറിൽ പരാജയപ്പെട്ട ഒരു കച്ചവടക്കാരനാണ്. അദ്ദേഹം കൊണ്ടുവന്ന പരാതിയുടെ അടിസ്ഥാനത്തിലാണ് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം ആരംഭിച്ചത്. അവർ എടുത്ത 91 സാമ്പിളുകളിൽ, 76 എണ്ണം പി.എഫ്.എ. നിർദ്ദേശങ്ങൾക്ക് അനുസരണമായതാണ്. ബാക്കിയുള്ള 15 സാമ്പിളുകളിൽ ഒമ്പത് എണ്ണം

LIBRARY ARCHIVES Kerala Legislative Assembly

അതിവൃഷ്ടി മൂലമുള്ള ഈർപ്പം കാരണമാണ്. മറ്റുള്ള രണ്ട് സാമ്പിളുകൾ എഫ്.സി.ഐ.-യിൽ നിന്ന് ലഭിച്ച അരിയുടേയും മറ്റ് രണ്ടെണ്ണം ജിവികളുടെ കാഷ്ഠം ഉൾപ്പെട്ടവയുമാണ്. അതായത് എടുത്തിട്ടുള്ള 91 സാമ്പിളുകളിൽ കേവലം രണ്ടെണ്ണം മാത്രമാണ് മായം ചേർത്തതായി പരിഗണിക്കാൻ കഴിയുന്നത്. അതും വളരെ നേരിയ തോതിൽ മാത്രമാണ്. വിജിലൻസ് റിപ്പോർട്ടിൽത്തന്നെ, ഇത് വിജിലൻസ് റിപ്പോർട്ടിന്റെ പകർപ്പാണ്. (പകർപ്പ് കാണിച്ചു) ഭുവന ചന്ദ്രൻ, സൂപ്രണ്ട് ഓഫ് പോലീസ്, ഡയറക്ടർ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, ട്രിവാൻഡ്രം. ഇത് കോടതിയിൽനിന്ന് കിട്ടിയിട്ടുള്ളതാണ്. നേരിട്ട് ഡിപ്പാർട്ടുമെന്റിന് കിട്ടിയിട്ടില്ല. അതിൽത്തന്നെ പറയുന്നത്, പേജ് നമ്പർ 4. The Officer responsible to check the moisture content is Miss Anupa, The Junior Manager, Quality Assurance attached to the District Civil Supplies Depot, Palakkad. Since the sample collected is during the rainy season, there is possibility of an increase in the moisture content. The surprise check officer recommends that there is no need for further action on these aspects. But he recommended to give instruction to the Junior Manager, Quality Assurance, to check the moisture content properly and the Assistant Managers in the charge of the Depot to keep the items to safe places. ഇത് വിജിലൻസിന്റെ റിപ്പോർട്ടാണ്. അതോടൊപ്പംതന്നെ ഇവിടെ ഇപ്പോൾ ഒരു സ്വകാര്യ ചാനൽ പ്രദർശിപ്പിക്കുന്നത് കുട്ടികൾക്ക് വിഷാംശമുള്ള പയറാണ് വിതരണം ചെയ്തതെന്നാണ്. എന്നാൽ വിജിലൻസ് റിപ്പോർട്ടിൽ പറയുന്നത് ഗ്രീൻ ഗ്രാം ദാൽ, ചെറുപയർ പരിപ്പിലാണ് ടെട്രാക്സിൻ എന്ന കളർ കണ്ടെത്തിയത് എന്നാണ്. ഇത് വളരെ മനോഹരമായി നിറംപിടിപ്പിച്ച ഒരു കാര്യമാണ്. ചെറുപയർ പരിപ്പ് സ്കൂൾ കുട്ടികൾക്ക് കൊടുക്കുന്നില്ല. പിന്നെ കൊടുക്കുന്ന അരി എഫ്.സി.ഐ.യിൽനിന്ന് എടുക്കുന്ന അരിയാണ്. ഇവിടെ പ്രചരിപ്പിക്കുന്നത് കുട്ടികൾക്ക് കൊടുത്തെന്നാണ്. കുട്ടികൾക്ക് കൊടുത്തിട്ടില്ല. ഇത് ഗവൺമെന്റിന്റെ ശ്രദ്ധയിൽ വന്നയുടനെ ഇതെല്ലാം തടഞ്ഞിരിക്കുകയാണ്. അപ്പോൾ വസ്തുതാപരമല്ലാത്ത കാര്യം സ്വകാര്യ ഏജൻസികൾ പ്രചരിപ്പിക്കുക, നാടകം ഉണ്ടാക്കുക, തിരക്കഥ ഉണ്ടാക്കുക, അതെല്ലാം എല്ലാവർക്കും അറിയാം. ഗവൺമെന്റ് ഈ കാര്യത്തിൽ ഗൗരവമായ സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. കുറ്റവാളികളെ സാമ്പത്തികമായി ശിക്ഷിക്കാൻ നടപടിയെടുത്തിട്ടുണ്ട്. സ്കൂളുകളിൽ വിഷാംശം കലർന്നയാതൊന്നും കൊടുത്തിട്ടില്ല. പരിപ്പിലാണ് കളർ കൂടുതലുണ്ടെന്നുള്ളത് കണ്ടെത്തിയിട്ടുള്ളത്. അതുപോലെ തന്നെ ജലാംശം കൂടുതലുണ്ടെന്ന് പറയുന്നത്, അവർതന്നെ പറയുന്നു, ശിക്ഷണ നടപടികളെടുക്കേണ്ട കാര്യമില്ല ഇതെല്ലാം സുരക്ഷിത സ്ഥാനത്ത് സൂക്ഷിക്കണമെന്ന്. ഇത്രയും മാത്രമേ പറയുന്നുള്ളൂ.

ശ്രീ. കെ. എം. മാണി: സർ, ഇത്രയും ഗുരുതരമായ ഒരു വിഷയം മന്ത്രി വളരെ ലാഘവത്തോടുകൂടി പറഞ്ഞു എന്നുമാത്രമല്ല, അദ്ദേഹം പല വസ്തുതകളും മറച്ചുവയ്ക്കുകയുമാണ് ചെയ്തിട്ടുള്ളത്. ഇവിടെ പറഞ്ഞതൊക്കെ അർദ്ധ

LIBRARY ARCHIVES Kerala Legislative Assembly

സത്യങ്ങൾ മാത്രമാണ്. ബഹുമാനപ്പെട്ട മന്ത്രിയോട് ഞാനൊരു ചോദ്യം ചോദിക്കട്ടെ. ഇവിടെ അദ്ദേഹം പറഞ്ഞത് രണ്ട് സാധനങ്ങൾ മാത്രമാണ് അഡൽട്ടറേറ്റഡ് ആയി കണ്ടെത്തെന്നാണ്. എന്റെ കയ്യിൽ അനലറ്റിക്കൽ ലാബിന്റെ റിപ്പോർട്ട് ഇരിക്കുകയാണ്. തിരുവനന്തപുരത്തെ പബ്ലിക് അനലറ്റിക്കൽ ലാബോറട്ടറിയിൽ പരിശോധിച്ച സാധനങ്ങൾ 18 എണ്ണം. ഇത് മേശപ്പുറത്ത് വയ്ക്കാൻ ഞാൻ തയ്യാറാണ്. ഇവിടെ വിവിധ കമ്പനികൾ കൊടുത്ത പല പല പായ്ക്കറ്റുകളാണ് പരിശോധിച്ചത്. പല പല സാധനങ്ങൾ പരിശോധിച്ചു. കൊറിയാണ്ടർ അഡൽട്ടറേറ്റഡ്. വീണ്ടും വേറൊരു സാമ്പിളായ ചില്ലി അഡൽട്ടറേറ്റഡ്. വേറൊരു കടയിൽനിന്നുള്ള സാമ്പിളായ കൊറിയാണ്ടർ അഡൽട്ടറേറ്റഡ്, ലോബിയ അഡൽട്ടറേറ്റഡ്, ഗ്രീൻ ഗ്രാം അഡൽട്ടറേറ്റഡ്, ചില്ലി അഡൽട്ടറേറ്റഡ്, ചില്ലി റെഡ് അഡൽട്ടറേറ്റഡ്, വീണ്ടും കൊറിയാണ്ടർ സാമ്പിൾ അഡൽട്ടറേറ്റഡ്, നോൺഫീഡിംഗ് റായിഷ് അഡൽട്ടറേറ്റഡ്, വീണ്ടും ലോബിയ അഡൽട്ടറേറ്റഡ് .....24 ഐറ്റംസിൽ 18 എണ്ണമുണ്ട്. റിപ്പോർട്ടിൽ അനലിസ്റ്റുതന്നെ കൊടുത്തിരിക്കുന്ന 24 ഐറ്റം അഡൽട്ടറേറ്റഡ് ആയിട്ടാണ്. അനലിസ്റ്റിന്റെ റിപ്പോർട്ടിൽ 18 എണ്ണം എന്റെ കയ്യിൽ കിട്ടി. 24 എണ്ണം എന്റെ കയ്യിൽ കിട്ടിയില്ല. ഞാൻ ഈ അടിയന്തിര പ്രമേയം വളരെ ഉത്തരവാദിത്തത്തോടുകൂടിയാണ് അവതരിപ്പിച്ചത്. എന്റെ കയ്യിൽ കിട്ടിയ റിക്കാർഡ് അനുസരിച്ച് 18 എണ്ണം അഡൽട്ടറേറ്റഡ് ആണെങ്കിൽ ബഹുമാനപ്പെട്ട മന്ത്രി എങ്ങനെയാണ് രണ്ടെണ്ണം മാത്രമേ അഡൽട്ടറേറ്റഡ് ആയിട്ടുള്ളു എന്നു പറയുന്നത്? വാസ്തവത്തിൽ ക്യാൻസർ രോഗം വരുത്തുന്നതാണ് ടെട്രാക്സിൻ. ക്യാൻസർ രോഗം വരുത്തിവയ്ക്കുന്ന രാസവസ്തുക്കൾ. കുഞ്ഞുങ്ങൾക്ക് ഉച്ചക്കഞ്ഞിക്കൊപ്പം കൊടുക്കുന്ന ചെറുപയറിനകത്ത് ടെട്രാക്സിൻ ചേർത്തു എന്നുപറഞ്ഞാൽ ഇത് എത്ര കഷ്ടമാണ്? നിത്യരോഗികളായി കുഞ്ഞുങ്ങൾ മാറുകയാണ്. ആളുകൾ നിത്യരോഗികളായി മാറുകയാണ്.

കഴിഞ്ഞ നാലഞ്ചുവർഷക്കാലമായി കേരളത്തിൽ രാസവസ്തുക്കൾ ചേർത്ത ഭക്ഷണസാധനങ്ങൾ കൊടുത്തുകൊണ്ടിരിക്കുകയാണ്. അതിന്റെ കേസ്സുകൾ പിടിച്ചത് അടുത്ത കാലത്താണ് എന്ന് മാത്രമേയുള്ളു. കേസ്സുകൾ പിടിച്ചിട്ട് എത്ര ദിവസമായി? ബഹുമാനപ്പെട്ട മന്ത്രി ഈ ഫയലിന്മേൽ നടപടിയെടുക്കാതെ ഉറങ്ങിയോയെന്ന് ഞാൻ ചോദിക്കുകയാണ്. 3-12-ൽ ആണ് വിജിലൻസ് റിപ്പോർട്ട് കിട്ടുന്നത്. ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടത് അടുത്ത കാലത്താണ് എന്നാണ് അദ്ദേഹം പറയുന്നത്. വിജിലൻസ് റിപ്പോർട്ട് കഴിഞ്ഞ മൂന്നാം തീയതി ഡിപ്പാർട്ടുമെന്റിൽ കിട്ടിയെങ്കിൽ ഇതുവരെ ചെറിയ ചെറിയ ഉദ്യോഗസ്ഥന്മാരുടെ മേൽ നടപടിയെടുത്തുവെന്നല്ലാതെ വേറെ കാര്യമായി എന്ത് നടപടിയെടുത്തു? ഞാൻ അതിലേക്ക് വരാം. ഇവിടെ വിവിധ പരിശോധനകളിലൂടെ കഴിഞ്ഞ ഒക്ടോബർ മാസത്തിലാണ് 24 സാധനങ്ങൾ അഡൽട്ടറേറ്റഡായി കണ്ടത്. 1955-ലെ പ്രിവൻഷൻ ഓഫ് ഫുഡ് അഡൽട്ടറേഷൻ റൂൾസിൽ പ്രതിപാദിക്കുന്ന നിലവാരം പല സാധനങ്ങൾക്കും ഇല്ല. നിലവാരം കുറഞ്ഞത് വലിയ കാര്യമൊന്നുമല്ലെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്. ഫുഡ് അഡൽട്ടറേഷൻ ആക്ടിലെ റൂൾ അനുസരിച്ച് നിലവാരം കുറഞ്ഞ

LIBRARY ARCHIVES Kerala Legislative Assembly

സാധനങ്ങൾ വിതരണം ചെയ്താൽ പ്രോസിക്യൂഷൻ നടപടിയുണ്ടാകും. കേസ് പിൻവലിക്കാൻപോലും സാധിക്കില്ല. ഇത് നോൺ ബെയ്ലബിൾ ഒഫൻസ് ആണ് ശിക്ഷ തീർച്ചയാണ്. ഇത്ര ഗുരുതരമായ കാര്യത്തെ സംബന്ധിച്ച് ഭക്ഷ്യ വകുപ്പുമന്ത്രി ഇങ്ങനെയൊരു സമീപനമെടുത്താൽ അതിനെപ്പറ്റി എന്ത് പറയാനാണ് ? 22-9-2009-ൽ കോഴിക്കോട് പുതിയങ്ങാടിയിലെ ഒരു വ്യാപാരിയായ വി. എം. യാഹിയായുടെ പരാതിയാണ് ഡിപ്പാർട്ടുമെന്റിന് കൊടുത്തത്. ഡിപ്പാർട്ടുമെന്റ് അതിന്മേൽ യാതൊരു നടപടിയും സ്വീകരിച്ചില്ല. അതിന് ബഹുമാനപ്പെട്ട മന്ത്രിക്ക് എന്തെങ്കിലും മറുപടി പറയാനുണ്ടോ? ബഹുമാനപ്പെട്ട മന്ത്രി ഇടയ്ക്ക് ഇങ്ങോട്ടൊന്ന് നോക്കണം. പുതിയങ്ങാടിയിലെ യാഹിയ അദ്ദേഹം സപ്ലൈകോയിൽ പരാതി കൊടുത്തിട്ട് ആ പരാതിയിന്മേൽ യാതൊരു നടപടിയും സ്വീകരിക്കാതിരുന്നത് ശരിയാണോ? ശരിയല്ല. അതുകഴിഞ്ഞ് വിജിലൻസിന് പരാതി കൊടുത്തു. വിജിലൻസ് മണ്ടുമൂന്ന് ഡിപ്പോകൾ റെയ്ഡ് ചെയ്തു. ആ റെയ്ഡ് ചെയ്തെടുത്ത സാധനങ്ങൾ അനലറ്റിക്കൽ ലാബിൽ അയച്ചു. അതിന്റെ റിപ്പോർട്ടിൽ അഡൽറ്ററേറ്റഡായി കണ്ടു. വിജിലൻസ് റിപ്പോർട്ടും നൽകി. യാതൊരു നടപടിയും എടുത്തില്ല. അവസാനം യാഹിയ ഹൈക്കോടതിയെ അഭയം പ്രാപിച്ചു. ഡിപ്പാർട്ടുമെന്റ് നടപടിയെടുത്തില്ല. മന്ത്രി നടപടിയെടുത്തില്ല. വിജിലൻസ് റിപ്പോർട്ടിന്മേൽ നടപടിയുണ്ടായില്ല. ജനങ്ങൾക്ക് സംരക്ഷണം കൊടുക്കണമെന്ന് ഹൈക്കോടതിയിൽ പറഞ്ഞപ്പോൾ ഹൈക്കോടതി പറഞ്ഞു വിജിലൻസ് റിപ്പോർട്ട് വരട്ടെ. ഹൈക്കോടതി ആവശ്യപ്പെട്ടതനുസരിച്ച്. വിജിലൻസ് റിപ്പോർട്ട് വന്നു. ഹൈക്കോടതി ഇന്നലെ ഒബ്സർവ്വ് ചെയ്തിരിക്കുന്നത് ഇത് അഡൽറ്ററേറ്റഡ് ആണ്. വിജിലൻസ് റിപ്പോർട്ട് ഷോക്കിംഗ് ആണ്. ഹൈക്കോടതി ഉപയോഗിച്ച വാക്ക്, It is shocking, there is prima facie case. അഡൽറ്ററേഷനെ സംബന്ധിച്ചിടത്തോളം പ്രൈമാ ഫേസി കേസ്സ് ഉണ്ട്. ഇത് ഷോക്കിംഗ് ആണ്. അതുകൊണ്ട് ഇതിൽ പേമെന്റ് തടഞ്ഞുവയ്ക്കണമെന്നുവരെ ഹൈക്കോടതി ഇന്നലെ ഓറലായി പറയുകയുണ്ടായി. ഇത്ര ഗൗരവതരമായ ഒരു വിഷയമാണ് ഇതിൽ ഉത്ഭവമായിരിക്കുന്നത്. വേറൊരു കാര്യം കൂടി ഈ റിപ്പോർട്ടിനകത്ത് പറഞ്ഞിരിക്കുന്നത് കോടിക്കണക്കിന് രൂപയുടെ അഴിമതിയുണ്ടെന്നാണ്. ഈ അഴിമതി എങ്ങനെയെന്ന് ചോദിച്ചാൽ ഈ സാധനങ്ങളൊക്കെ വെറൈറ്റി സാധനങ്ങളാണ്. ഒരു ചെറുപയർ.... ചെറുപയറിൽത്തന്നെ നൂറ് ഇനങ്ങൾ കാണും. ഒരു കാളിറ്റി ചെറുപയറിൽനിന്ന് വേറൊരു വെറൈറ്റി ചെറുപയറുമായിട്ടുള്ള വ്യത്യാസം സാധാരണക്കാരന്റെ ബാഹ്യമായ കണ്ണുകൾകൊണ്ട് കാണാൻ കഴിയില്ല. പക്ഷേ ഒരിനം ചെറുപയറും മറ്റൊരിനം ചെറുപയറും തമ്മിലുള്ള വിലവിത്യാസം ഒരു ലോഡിന് ഒരു ലക്ഷം രൂപയാണ്. അപ്പോൾ കാളിറ്റി കുറഞ്ഞ, ഗ്രേഡ് കുറഞ്ഞ ..... ഗ്രേഡ് നമുക്ക് അറിയില്ല. നമ്മൾ ജാളിക്കടയിൽ പോയാൽ സാധി എടുത്തിടും. ഏതാണ് നല്ലത്, ഏതാണ് മോശമായിട്ടുള്ളത്, texture ഏതാണ് എന്നൊന്നും നമുക്ക് അറിയില്ല. ഇതുപോലെയാണ്. ചെറുപയർ നൂറ് ഇനങ്ങളാണ്.

മി. സ്പീക്കർ: അറിയുന്നവർക്ക് അറിയാം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി: അതറിയാം. എല്ലാവരും എക്സ്പേർട്ട് അല്ലല്ലോ. ഒരു ലക്ഷം രൂപ ഒരു ലോഡിന് വ്യത്യാസം. ആ ഒരു ലോഡിന് ഒരു ലക്ഷം രൂപ വ്യത്യാസമുണ്ടെങ്കിൽ ഗുണം കുറഞ്ഞ ഗ്രേഡിലുള്ള സാധനം വാങ്ങിയിട്ട് വലിയ വില കൊടുക്കുന്നു. പ്രതിഫലം എത്രയാണെന്ന് അറിയാമോ? ഈ റിപ്പോർട്ടാണ് ഷോക്കിംഗ് റിപ്പോർട്ട് ഫസ്റ്റ് സെന്റൻസ് ഞാനൊന്ന് വായിക്കട്ടെ. Supplyco has been purchasing low quality grocery produces in exorbitant prices from the various wholesale dealers who have illegal nexus with the Civil Supplies officers and for this they have been accepting bribe to 20,000 per load etc.... കഴിഞ്ഞ നാലര വർഷക്കാലമായി സപ്ലൈകോ വാങ്ങിയിട്ടുള്ള ഓരോ ലോഡിനും 20,000 രൂപ വച്ച് കൈക്കൂലി വാങ്ങിയെന്നാണ് ഇതിന്റെ സാരാംശം. ചിരിക്കുകയാണോ മന്ത്രി ചെയ്യുന്നത്? ഈ രൂപ എവിടെ ചെന്ന് എത്തി? ഏതൊക്കെ കേന്ദ്രങ്ങളിൽ ചെന്നുവെന്ന് ഞാൻ ചോദിക്കുകയാണ്. 20,000 രൂപ വച്ച് ഈ ലോഡ് മറിച്ചുവെന്ന് വിജിലൻസ് റിപ്പോർട്ടിൽ പറയുകയാണ്. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിക്കട്ടെ. രണ്ടുമൂന്ന് കാര്യങ്ങൾ ചെയ്യാനായി റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. Surprise check and the laboratory testing by the analytical lab, it is clear that it would have been taken place only with the collusion and conspiracy of the officers of the Corporation such as Manager, Quality Control, officers of the depot in charges etc. Cases have to be registered against the above officers and the suppliers for corruption, conspiracy and cheating." ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിക്കട്ടെ കരാറുകാർക്കെതിരെ എത്ര കേസ് എടുത്തു? കരാറുകാർക്കെതിരെ കേസ് എടുത്തോ? ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്കെതിരെ, സീനിയർ ഓഫീസർസിനെതിരെ കേസ്സ് എടുത്തോ? അവരെ അറസ്റ്റ് ചെയ്തോ? ബഹുമാനപ്പെട്ട മന്ത്രി ഇതുസംബന്ധിച്ച് ഈ നിയമസഭയിൽ മറുപടി പറയാൻ ബാദ്ധ്യസ്ഥനാണ്. ഇതൊന്നും ചെയ്യാതെ 23-ാം തീയതി ഹൈക്കോടതിയിൽ സത്യവാങ്മൂലം കൊടുക്കാൻ ഇന്നലെ അവധി ചോദിച്ചു. സത്യവാങ്മൂലം കൊടുക്കാൻ ഗവൺമെന്റ് തയ്യാറായി ഹൈക്കോടതിയിൽ കേസും വന്നു. കോടതിയിൽ നിന്നും രക്ഷപ്പെടാനാകാതെ തണ്ട് ചോട്ടാ ഉദ്യോഗസ്ഥന്മാർക്കെതിരെ നടപടി നടത്തിയെന്നു പറഞ്ഞ് രക്ഷപ്പെടുന്നത് ശരിയാണോ? വിജിലൻസ് റിപ്പോർട്ടിൽത്തന്നെ പറഞ്ഞിരിക്കുന്നത് സീനിയർ ഉദ്യോഗസ്ഥന്മാർക്കെതിരെ നടപടി വേണമെന്നാണ്. അത് ചെയ്തിട്ടില്ല. "Whole payments due to the above suppliers should be withheld till the detailed investigation is completed." അത് ചെയ്തിട്ടുണ്ടോ? മന്ത്രി ഇതിന് ഉത്തരം പറയണം. നിങ്ങൾ രൂപ തടഞ്ഞുവച്ചിട്ടുണ്ടോ? ഇല്ല. ഇന്നലെ ഭക്ഷ്യസംരക്ഷണത്തെപ്പറ്റിയുള്ള മൂന്നാം നമ്പർ ചോദ്യത്തിന് ശ്രീ. ജോസഫ് എം. പുതുശ്ശേരി സപ്ലിമെന്ററി ചോദ്യം ചോദിച്ചപ്പോൾ അങ്ങ് കൊടുത്ത ഉത്തരം സെക്യൂരിറ്റി ഡെപ്പോസിറ്റ് തിരിച്ചുകൊടുത്തിട്ടില്ലെന്നാണ്. അതിന്റെ അർത്ഥമെന്താണ്? വില കൊടുത്തു. സെക്യൂരിറ്റി ഡെപ്പോസിറ്റ് കൊടുത്തില്ലെന്ന് പറഞ്ഞിട്ട് കാര്യമുണ്ടോ? വില കൊടുത്തു കഴിഞ്ഞാൽ പോയില്ലേ ? അപ്പോൾ നിങ്ങൾ വിലയെന്തിന് കൊടുത്തു? വിജിലൻസ് റിപ്പോർട്ടിൽ ക്ലിയറായി പറഞ്ഞിരിക്കെ നിങ്ങൾ വില കൊടുക്കാൻ പാടില്ല. തിരിച്ചുപിടിക്കണം. അത് withheld ചെയ്യണമെന്നു പറഞ്ഞിട്ട് എന്തുകൊണ്ട് വില കൊടുത്തു? അന്വേഷിക്കാൻ തയ്യാറുണ്ടോ?

മി. സ്പീക്കർ: .....ശ്രീ. കെ. എം. മാണി പ്ലീസ്.....അവസാനിപ്പിക്കണം. പത്ത് മിനിട്ടിലധികമായി.

ശ്രീ. കെ. എം. മാണി: രണ്ട് മിനിട്ട് കൂടി തരണം.

മി. സ്പീക്കർ: അടിയന്തിരപ്രമേയത്തിനൊക്കെ പത്ത് മിനിട്ടിൽ കൂടുതലെടുക്കുകയെന്നു പറയുന്നത് ശരിയല്ല.

ശ്രീ. കെ. എം. മാണി: എനിക്ക് എന്റെ പ്രമേയം അവസാനിപ്പിക്കണ്ടേ രണ്ട് മിനിട്ട് മതി. അവസാനിപ്പിക്കാം. ഇന്നലെ ഇന്ത്യാവിഷനിൽ ഒരു സീൻ കണ്ടു. ഗവൺമെന്റിനെതിരെ പരാതി കൊടുത്ത, ഹൈക്കോടതിയിൽ പരാതി കൊടുത്ത യാഹിയ സിവിൽ സപ്ലൈസ് വകുപ്പുമന്ത്രിയുടെ വീട്ടിൽ വരുന്നു. സത്യം ഏതാണെന്ന് എനിക്ക് അറിഞ്ഞുകൂടാ. പറയുന്നത് മന്ത്രി അയാളെ വിളിച്ചുവരുത്തി കേസ് പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടു. കേസ് പിൻവലിച്ചാൽ പ്രത്യുപകാരം ചെയ്യാമെന്ന് ഇന്ത്യാവിഷൻ ചാനൽ കാണിച്ചിരിക്കുകയാണ്. ഇത് രണ്ടും നമ്മൾ വിശ്വസിക്കുകയാണ്. ഒന്ന്, ബഹുമാനപ്പെട്ട മന്ത്രി അങ്ങനെ ചെയ്യുമെന്ന് ഞാൻ പറയുന്നത് ശരിയല്ല. അങ്ങനെ ചെയ്യുമെന്ന് എനിക്ക് വിശ്വാസമില്ല. പക്ഷേ ഒരു കാര്യം മറിച്ച് ഇന്ത്യാവിഷനെപ്പോലെ ഉത്തരവാദിത്തമുള്ള ചാനൽ ഇങ്ങനെ അടിസ്ഥാനരഹിതമായി ഒരു സ്റ്റോറിയുണ്ടാക്കുമെന്നും എനിക്ക് വിശ്വസിക്കാൻ കഴിയുകയില്ല. അപ്പോൾ ഇതിലെ സത്യം അറിയാൻ ജുഡീഷ്യൽ എൻക്വയറി ഉണ്ടാകണം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ...

ശ്രീ. കെ. എം. മാണി: സർ, പക്ഷേ പിൻവലിച്ചാൽ നിനക്ക് ഞാൻ പ്രത്യുപകാരം ചെയ്യാമെന്ന് പറഞ്ഞിട്ടുണ്ടെങ്കിൽ ഈ റാക്കറ്റിന്റെ പിന്നിലെ കേന്ദ്രബിന്ദു ആരാണെന്ന് കണ്ടുപിടിക്കണം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ...

ശ്രീ. കെ. എം. മാണി: സർ, അതിനുവേണ്ടി സഭാ നടപടികൾ നിർത്തിവച്ച് വിശദമായൊരു ചർച്ച ആവശ്യമാണ്. അങ്ങ് അതിന് അനുവദിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ ഗുരുതരമായ ഒരു ആക്ഷേപം സപ്ലൈയേഴ്സിനെതിരെ എന്ത് നടപടിയെടുത്തു എന്നുള്ളതാണ്. എന്റെ കൈയിലിരിക്കുന്നത് ഗവൺമെന്റ് ഓർഡറാണ്. I am to invite your attention to the above writ petition to see and request you to furnish the statements of facts of the above case directed to the Advocate General with the copy of the Government. I may also request you to stop payment to the 24 suppliers mentioned in the vigilance report and blacklist all of them following the..... ഡേറ്റ്.... ..... (ബഹളം)... അതിന് ഞാൻ ഈ ഓർഡർ മേശപ്പുറത്ത് വയ്ക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മാണി, നിങ്ങൾക്ക് അസൗകര്യം ഉള്ള കാര്യം പറയുമ്പോൾ എല്ലാവരും ബഹളം വച്ചാൽ പിന്നെ എങ്ങനെയാണ്? ഞാൻ പറയട്ടെ. അടിയന്തര പ്രമേയത്തിന് മറുപടി പറയുകയാണ്. ഇന്നലെ പറഞ്ഞത് ഡെപ്പോസിറ്റ് ആണ്. ഇന്ന് പറയുന്നത് സ്റ്റോപ്പ് പേമെന്റാണ്. ഇനിയും ഇതിന്റെ എല്ലാ നടപടികളും സ്വീകരിക്കുന്നതായിരിക്കും. ശ്രീ. മാണി, ഈ സഭയിലെ ഒരു സീനിയർ അംഗമായ അങ്ങയെ ഞാൻ ബഹുമാനിക്കുകയാണ്. താങ്കൾ ഉന്നയിച്ച അടിയന്തര പ്രമേയത്തിന് മറുപടി പറയുമ്പോൾ ക്ഷമയോടെ അത് കേൾക്കാനുള്ള പക്വത ദയവായി അങ്ങ് കാണിക്കണം. അദ്ദേഹം പറഞ്ഞ ഇരുപതിനായിരം രൂപ ഒരു ലോഡിന് വാങ്ങണമെന്നത് കച്ചവടക്കാരന്റെ പരാതിയിലുള്ളതാണ്. .....kind attention invited to the reference cited on the basis of the petition received from so and so..... which he alleged that supplyco has been purchasing low quality..... നിയമം അറിയുന്ന ഒരാളല്ലേ അങ്ങ്. ഒരു പരാതിക്കാരൻ, കച്ചവടത്തിൽ പങ്കെടുത്തവർ, സപ്ലൈകോ-യ്ക്ക് സപ്ലൈ ചെയ്തുകൊണ്ടിരുന്ന ഒരാൾ അയാൾക്ക് ഇപ്പോൾ ഇ-ടെണ്ടർ കിട്ടാത്തതു കൊണ്ട് അയാൾ കൊടുത്ത ഒരു പരാതിയിലെ ആരോപണമാണ് ഇത്. രണ്ടാമത്തെ കാര്യം, ബഹുമാനപ്പെട്ട മാണി അങ്ങേക്കറിയാമല്ലോ അങ്ങ് ഇവിടെ ഭരിച്ചിരുന്നതാണല്ലോ.. ഇത് മുരളീധരൻ കമ്മീഷൻ റിപ്പോർട്ടാണ്. (റിപ്പോർട്ട് ഉയർത്തിക്കാട്ടി) ലോ-ക്വാളിറ്റി വാങ്ങിയതിന് നിങ്ങളുടെ കാലത്ത് ഖജനാവിനുണ്ടായ 134 കോടി രൂപയുടെ നഷ്ടം, അന്നത്തെ ബോർഡ് തന്നെ അന്വേഷണത്തിന് തീരുമാനിച്ചു. തീരുമാനത്തിൽ ഒരു നടപടിയുമുണ്ടായില്ല. ജസ്റ്റിസ് മുരളീധരൻ കമ്മീഷനെ നിയമിച്ചിട്ട് നിങ്ങൾ പോയി. ആ കമ്മീഷന്റെ റിപ്പോർട്ട് ഈ ഗവൺമെന്റ് നടപ്പിലാക്കിയതാണ്. മുരളീധരൻ കമ്മീഷൻ റിപ്പോർട്ടിലെ ഫൈൻഡിംഗ്സിൽ പറയുന്നത്, Entrust to the Central Bureau of Investigation or any other agency outside the State..... ഞങ്ങൾ അന്വേഷണം നടത്തി. കേരളത്തിലെ സീനിയർ മോസ്റ്റ് ഐ.പി.എസ്. ഉദ്യോഗസ്ഥൻ, അന്നത്തെ സി.എം.ഡി. ഒന്നാം പ്രതിയായി സി.ബി.ഐ.-യുടെ കേസ് പുറത്തുവന്നിട്ടുണ്ട്. ആരാണ് അതിന് ഉത്തരവാദി? ഞാൻ പറയട്ടെ, മന്ത്രിമാരാണെന്ന് ഞാൻ പറയില്ല. മന്ത്രിമാരാണ് 134 കോടി രൂപ മോഷ്ടിച്ചതെന്ന് പറയാനുള്ള വിഡ്ഢിത്തമൊന്നും എനിക്കില്ല. ഇത് നിങ്ങളുടെ കാലത്ത് നടന്നതാണ്. കഴിഞ്ഞ നാലരക്കൊല്ലം അത് സ്റ്റോപ്പ് ചെയ്തു. ശ്രീ. മാണി..... (ബഹളം)... അടിയന്തിര പ്രമേയത്തിന് മന്ത്രി മറുപടി പറയുമ്പോൾ നിങ്ങൾ ക്ഷമയോടെ കേൾക്കുക. ഞാൻ കേട്ടുകൊണ്ടിരുന്നല്ലോ. ഇപ്പോൾ എന്താണ് സ്ഥിതി? ഇപ്പോൾ നാലരക്കൊല്ലം നിങ്ങൾക്ക് ഒരു തരിമ്പ് പോലും കിട്ടിയില്ല. എന്താ കാര്യം? നിങ്ങളുടെ കാലത്ത് ഉന്നയിക്കപ്പെട്ട മുരളീധരൻ കമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശ ഞങ്ങൾ നടപ്പാക്കി. ഇത് നിങ്ങളുടെ ബെബിയാണ്. അന്നത്തെ മുഖ്യമന്ത്രി അന്നുതന്നെ രണ്ടാളുകളെ ടെർമിനേറ്റ് ചെയ്തു. ആ രണ്ടാളുകൾ .....നിങ്ങൾ പറഞ്ഞല്ലോ ചോട്ടാ എന്ന്, മാണി സാർ പറഞ്ഞ ചോട്ട. അന്നത്തെ രണ്ട് ചോട്ടാകളെ ടെർമിനേറ്റ് ചെയ്തു. അവർ ഹൈക്കോടതിയിൽ പോയി. അവരെ റി-ഇൻസ്റ്റേറ്റ് ചെയ്യാൻ പറഞ്ഞു. അതിൽ ഒരു ചോട്ടായെ റീ-ഇൻസ്റ്റേറ്റ് ചെയ്യാൻ അന്നത്തെ മുഖ്യമന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

ഓർഡർ ഇട്ടു. പക്ഷേ അതിന്റെ ഡയറക്ടർ ബോർഡ് സമ്മതിച്ചില്ല. ഞാൻ ഈ വകുപ്പ് ഏറ്റെടുത്തശേഷം കഴിഞ്ഞകാലത്തെ മുഖ്യമന്ത്രി ഓർഡർ ഇട്ടത് പരിശോധിച്ചു. അയാൾ നിരപരാധിയാണ് അതുകൊണ്ട് അയാളെ ടെർമിനേറ്റ് ചെയ്തത് തെറ്റാണ് എന്ന് ഫയൽ പരിശോധിച്ചപ്പോൾ എനിക്ക് തോന്നി. മുൻമുഖ്യമന്ത്രി സർവ്വീസിൽനിന്ന് പിരിച്ചുവിട്ടയാളെ ഞാൻ തിരിച്ചെടുത്തു. കാരണം എനിക്കറിയാം ആ കേസിൽ അവർ നിരപരാധികളാണ്. ആരാണ് കുറ്റവാളി? കുറ്റവാളികളെ കണ്ടെത്താനുള്ള അന്വേഷണത്തിൽ കുറ്റവാളി ഉന്നതങ്ങളിലാണെന്ന്. മനസ്സിലായി. അത് ഇപ്പോൾ തെളിഞ്ഞിട്ടുണ്ട്. അങ്ങനെ ഒരു സമീപനമാണ് ഞങ്ങൾ എടുത്തത്. ഇത് സംബന്ധിച്ച് ഡിപ്പാർട്ട്മെന്റ് സമഗ്രമായ അന്വേഷണം നടത്തിക്കൊണ്ടിരിക്കുന്നു. ഫിനാൻഷ്യൽ ഇൻസ്പെക്ഷൻ വിംഗിനെക്കൊണ്ട് അന്വേഷിപ്പിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു. ഈ സഭയിൽ ഞാൻ പറയുന്നു വേണ്ടിവന്നാൽ യഥാർത്ഥ കുറ്റവാളിയെ പുറത്തുകൊണ്ടുവരും. പിന്നെ മാണി സാർ പറഞ്ഞു, ആരോ ഒരു വിഷൻ പറഞ്ഞു. ഇൻഡ്യാവിഷൻ അല്ല ലോക വിഷൻ പറഞ്ഞാലും നിങ്ങൾക്കെല്ലാം അറിയാമല്ലോ, നിങ്ങളെല്ലാം മന്ത്രിമാരായി ഇരുന്നവരാണല്ലോ, ഈ പറയുന്ന സ്വകാര്യ വാർത്തകളെല്ലാം നമ്മുടെ രാജ്യത്തെ പൊതുപ്രവർത്തകരെ സംബന്ധിച്ച് അംഗീകരിക്കാമോ; അങ്ങനെയാണെങ്കിൽ എവിടെച്ചെന്ന് നിൽക്കും? നിങ്ങൾ എന്തെല്ലാം പാടുപെട്ടതാണ്. ഈ വിഷൻ ശ്രീ. കുഞ്ഞാലിക്കുട്ടിയെ എന്താണ് പറഞ്ഞത്? നിങ്ങൾ അംഗീകരിച്ചോ; ഞങ്ങൾ അംഗീകരിച്ചോ? ഞങ്ങൾ അത് അംഗീകരിച്ചിട്ടില്ല. അത് അവരുടെ ബിസിനസാണ്. എനിക്ക് നിങ്ങളെ അറിയാം. നിങ്ങൾക്ക് എന്നെയറിയാം. നമുക്കെല്ലാവർക്കും ജനങ്ങളെ അറിയാം. ജനങ്ങൾക്ക് ഞങ്ങളെ അറിയാം. അതുകൊണ്ട് ഈ ചെറിയ ഓലപ്പാമ്പ് ഏത് മീഡിയ കാണിച്ചാലും അതൊന്നും ശരിയല്ല. അത് മീഡിയ എഥിക്സിന് പറ്റിയതല്ല. അത് നിങ്ങൾക്ക് സൗകര്യമായതുകൊണ്ട് എന്നെ എടുത്ത് അടിക്കാൻ വേണ്ടി ഉപയോഗിക്കരുത്. അത് ശരിയാവില്ല. എനിക്കതിൽ ഒന്നും മറച്ചുവയ്ക്കാനില്ല. എല്ലാം സുതാര്യമാണ്. ആർക്ക് വേണമെങ്കിലും അന്വേഷിക്കാം. ഇനി മൂന്നുനാല് മാസമേയുള്ളൂ. നിങ്ങൾ വരുമെന്നല്ലേ പറഞ്ഞത് എല്ലാം അന്വേഷിച്ചോ, ഞങ്ങൾ എല്ലാം ഇട്ടിട്ടുപോകുകയാണ്. നിങ്ങൾ വരുന്നത് കണ്ടറിയാം. അടിയന്തരപ്രമേയം തള്ളിക്കളയേണ്ടതാണ്. സഭ നിർത്തി വച്ച് ചർച്ച ചെയ്യേണ്ട ഒരു കാര്യവുമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ക്ഷേത്രവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഈ പ്രശ്നം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ചെയർ കരുതുന്നില്ല.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഇന്നലെ കേരള ഹൈക്കോടതിയിൽ സംസ്ഥാന ഗവൺമെന്റിന്റെ അഡീഷണൽ അഡ്വക്കേറ്റ് ജനറലിന്റെ ഒരു ദിനരോദനം കേട്ടു. നിയമസഭ കൂടിക്കൊണ്ടിരിക്കുകയാണ്. കമന്റ്സ് ഒന്നും പറയരുത്. അസംബ്ലി പ്രക്ഷുബ്ധമാകും എന്ന്.

LIBRARY ARCHIVES Kerala Legislative Assembly

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): സർക്കാരിന്റെ, ഭരണഘടനയനുസരിക്കുന്ന ഉന്നത പദവിയിലിരിക്കുന്ന ഒരാളാണ് അഡീഷണൽ അഡ്വക്കേറ്റ് ജനറൽ. അദ്ദേഹത്തെപ്പറ്റി ഒരു ദിനമോദനം എന്ന് പറഞ്ഞത് സഭാ രേഖകളിൽനിന്ന് എടുത്തുമാറ്റണം.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഞാൻ അത് പിൻവലിച്ചിരിക്കുന്നു. പക്ഷേ അത് ഈ ഗവൺമെന്റിന് ഭൂഷണമാണോ എന്ന് നിങ്ങൾ ആലോചിക്കണം. നിയമസഭ നടക്കുന്ന സമയമായതുകൊണ്ട് ഒന്നും പറയരുത്. സഭ പ്രക്ഷുബ്ധമാകും. ഈ സഭയിലല്ലേ ജനങ്ങളെ ബാധിക്കുന്ന കാര്യങ്ങൾ ചർച്ച ചെയ്യേണ്ടത്. ഇക്കാര്യങ്ങൾ സഭയിൽനിന്ന് മറച്ചുവയ്ക്കാനാണോ നിങ്ങൾ ശ്രമിക്കുന്നത്.

ഭക്ഷ്യ വകുപ്പുമന്ത്രി ഇവിടെ മറുപടി പറഞ്ഞപ്പോൾ, ഇത് പരാതി കൊടുത്ത ഒരാൾ..... ഇ-ടെണ്ടർ കിട്ടാത്തതിന്റെ പേരിലാണെന്ന് ഇവിടെ പറഞ്ഞു. പരാതി കൊടുത്തത് ആരും ആകട്ടെ. വിജിലൻസ് റിപ്പോർട്ട് എന്താണ്? ഇത് പരാതിക്കാരൻ എഴുതി കൊടുത്തതല്ലല്ലോ? അങ്ങനെ എഴുതിക്കൊടുക്കുമോ? വെരിഫിക്കേഷൻ റിപ്പോർട്ട് വ്യാജ നിയമനം കിട്ടിയ ആൾ കൊണ്ടുകൊടുത്തു എന്ന് ഇന്നലെ ഇവിടെ പറഞ്ഞതുപോലെ ഇ-ടെണ്ടർ കിട്ടാത്തതിന്റെ പേരിൽ എഴുതി കൊടുത്തതാണോ? മന്ത്രി അതിന് മറുപടി പറയണം. ഈ റിപ്പോർട്ട് അങ്ങ് വായിച്ചു കാണും. എന്റെ കയ്യിലുമുണ്ട് ഈ റിപ്പോർട്ട്. എല്ലാം ഭദ്രം എന്നുള്ള രീതിയിൽ വായിച്ചു. By raiding a few depots of Civil Supplies Corporation in three districts (Ernakulam. Thrissur and Palakkad) alone, such large scale violations including PFA Act (Prevention of Food Adulteration Act) were detected. So if a detailed raid is conducted on a state wide basis, the international violation of fraudulent practices would be colossal. Hence a detailed investigation is called for. ഇത് പരാതിക്കാരൻ എഴുതിയതാണോ? 3 ജില്ലകളിൽ സാമ്പിൾ റെയ്ഡ് നടത്തിയപ്പോൾ ഇതാണ് സ്ഥിതിയെങ്കിൽ വിശദമായ റെയ്ഡ് നടത്തിയാലുണ്ടാകുന്ന സ്ഥിതിവിശേഷത്തെക്കുറിച്ച് ഈ വിജിലൻസ് റിപ്പോർട്ടിൽ എഴുതിയിരിക്കുകയാണ്. എന്നിട്ടും അങ്ങ് പറയുന്നു, ഇത് ഇ-ടെണ്ടർ കിട്ടാത്ത ഒരാൾ എഴുതിയ തിരക്കഥയാണെന്ന്. അങ്ങ് മുരളീധരൻ കമ്മീഷന്റെ കാര്യം ഇവിടെ പറഞ്ഞാല്ലോ. അതിനകത്ത് Prevention of Food Adulteration Act അനുസരിച്ചുള്ള ഏതെങ്കിലും കേസുണ്ടോ? ഇത് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ചരിത്രത്തിൽ മായം ചേർക്കുന്നതിനെതിരായി ആദ്യമായി വന്നിട്ടുള്ള ആദ്യത്തെ സംഭവമാണെന്നുള്ളത് അങ്ങ് മറക്കരുത്. കമ്മിറ്റി വേരിയേഷനെ സംബന്ധിച്ച് പരാതികളുണ്ടായിട്ടുണ്ട്. അന്ന് പോലും അഴിമതിയും വഞ്ചനയും ഗൂഢാലോചനയും ചേർത്ത് കേസ് എടുത്തിട്ടുണ്ട്. പക്ഷേ ഫുഡ് അഡൽട്ടറേഷൻ ആക്ട് അനുസരിച്ച് കേസ്സ് എടുക്കുന്നത് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ചരിത്രത്തിൽ ആദ്യത്തെ സംഭവമാണ്. ആ തൊപ്പി അങ്ങയുടെ തലയിൽ വന്നതിൽ എനിക്ക് ദുഃഖമുണ്ട്. പക്ഷേ വന്നുചേർന്നിരിക്കുന്നതങ്ങനെയാണ്.

[10.00 AM]

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. ദിവാകരൻ: സർ, സിവിൽ സപ്ലൈസ് കോർപ്പറേഷൻ ബിഗ് ബസാറിനെക്കാളും റിലയൻസിനെക്കാളും സഹകരണ സ്ഥാപനത്തെക്കാളും കൂടുതൽ അപകടമാണ്, ജനങ്ങൾ പരിഭ്രാന്തരാകുന്നു എന്നൊക്കെയാണ് അങ്ങ് ഇവിടെ പറഞ്ഞത്. ഒരു കാര്യം അങ്ങ് മനസ്സിലാക്കേണ്ടത്, ഇതിൽ ഒറ്റ ഐറ്റം പോലും കേരളത്തിൽ വിതരണം ചെയ്തിട്ടില്ല. എന്നുള്ളതാണ് ഇക്കാര്യത്തിൽ ഒരു കൺസ്യൂമറിനും യാതൊരു പരാതിയും ഉണ്ടായിട്ടില്ല. പരാതിയുണ്ടായിട്ടുണ്ടെങ്കിൽ 24 മണിക്കൂറിനകം പരിഹരിക്കാം. ഇത് മഴക്കാലത്ത് ഗോഡൗണുകളിൽ കെട്ടിക്കിടന്ന സാധനങ്ങളാണ്. എന്തുകൊണ്ട് അങ്ങനെ സംഭവിച്ചു എന്നുള്ളതാണ് ഇവിടത്തെ പ്രശ്നം. ഇതിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കാം.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഇതിന് ഞങ്ങളെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. ഇതുസംബന്ധിച്ച് അങ്ങേക്ക് 22-7-2009-ൽ പരാതി തന്നതാണ്. നിങ്ങൾ അതിൽ ഒരു ആക്ഷനും എടുത്തിട്ടില്ല. ഇതുപോലുള്ള മാൽപ്രാക്ടീസസ് അവിടെ നടക്കുന്നുവെന്ന് പറഞ്ഞുകൊണ്ട് മന്ത്രിക്കും എം.പി.-യ്ക്കും പരാതി കൊടുത്തു. അതിൽ ഒരു നടപടിയുമുണ്ടായിട്ടില്ല. എന്നിട്ടാണ് ഇപ്പോൾ ഹൈക്കോടതിയിൽ വന്നത്. ഞാൻ ഒന്ന് ചോദിക്കട്ടെ, സിവിൽ സപ്ലൈസ് കോർപ്പറേഷൻ സാധനങ്ങളുടെ ക്വാളിറ്റി പരിശോധിക്കുന്നത് എങ്ങനെയാണ്? സാധനങ്ങൾ ഇറക്കിയതിനുശേഷമാണോ പരിശോധിക്കുന്നത്? വാഹനത്തിൽ വരുന്നതിനുമുമ്പുതന്നെ അവിടെപോയി നോക്കി ക്വാളിറ്റിയുണ്ടെന്ന് ബോധ്യമാകുന്ന സാധനങ്ങൾ മാത്രമേ ഗോഡൗണുകളിലേക്ക് മാറ്റാവൂ. അതിന് എങ്ങനെ ലംഘനമുണ്ടായി? അതിന് ആരാണ് ഉത്തരവാദി? ഇന്ന് മാണിസാർ പറഞ്ഞതിന് ഒരു മറ പിടിക്കാൻ വേണ്ടി അങ്ങ് ഒരു ഓർഡർ വായിച്ചു. 21-ാം തീയതിയിലെ അതായത് ഇന്നലത്തെ..... ഈ ഓർഡർ വന്നത് എങ്ങനെയാണെന്ന് ഞങ്ങൾക്ക് അറിയാം. ഈ കേസ് രണ്ട് ആഴ്ചത്തേക്ക് മാറ്റി വയ്ക്കണമെന്ന് അഡീഷണൽ അഡ്വക്കേറ്റ് ജനറൽ ഇന്നലെ പറഞ്ഞു. അത് എന്തിനാണെന്ന് മനസ്സിലായല്ലോ? ഈ അസംബ്ലിയൊന്ന് മാറി കിട്ടണം. അത് സാധ്യമല്ല എന്ന് ഹൈക്കോടതി പറഞ്ഞു. കേസ് നാളത്തേക്ക് വച്ചു.

ശ്രീ. സി. ദിവാകരൻ: സർ, കോടതിയുടെ കേസ് എനിക്കറിയില്ല.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, അത് എനിക്ക് അറിയാം. കോടതി നാളത്തേയ്ക്ക് കേസ് വച്ചതിനുശേഷമാണ് നിങ്ങൾ ആ ഓർഡറിട്ടതെന്ന് ഞാൻ പറഞ്ഞാൽ നിങ്ങൾക്ക് അംഗീകരിക്കാതിരിക്കാൻ സാധിക്കില്ല. കാരണം ഇന്നലെ രാവിലെ ശ്രീ. ജോസഫ് എം. പുതുശ്ശേരിയുടെ ചോദ്യത്തിന് മറുപടി പറഞ്ഞപ്പോഴും ഇങ്ങനെ ഒരു കാര്യം അങ്ങ് പറഞ്ഞില്ല. അതുകൊണ്ട് അങ്ങേക്ക് ഇത് നിഷേധിക്കാൻ സാധിക്കില്ല. കോടതിയിൽ നടന്ന കാര്യങ്ങൾ കേട്ടിട്ട് ഇന്നലെ നിങ്ങൾ ഓർഡർ ഇഷ്യൂ ചെയ്തതാണെന്ന് പറയാൻ എനിക്ക് വിഷമമില്ല. ഇങ്ങനെയാണോ ഈ കേസ് കൈകാര്യം ചെയ്യേണ്ടത്? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും കൂടി കേൾക്കാനാണ് ഞാനിത് പറയുന്നത്. രണപക്ഷവും പ്രതിപക്ഷവും അങ്ങോട്ടുമിങ്ങോട്ടും പല കാര്യങ്ങളും പറയും. ഇത് ജനങ്ങളുടെ

ആരോഗ്യത്തെയും ജീവനെയും ബാധിക്കുന്ന പ്രശ്നമാണ്. ഗർഭിണികളും രോഗികളും കുട്ടികളുമൊക്കെ ഉപയോഗിക്കുന്നതാണ്. അങ്ങ് ഉച്ചക്കഞ്ഞിക്കു വേണ്ടി ഇത് കൊടുത്തില്ല എന്ന് പറഞ്ഞു. അത്രയും ആശ്വാസം. ഞാൻ അങ്ങ് പറയുന്നതിനെ പൂർണ്ണമായും സ്വീകരിക്കും. എനിക്ക് വലിയ സ്നേഹവും ബഹുമാനവുമൊക്കെയുണ്ട്. ഞാൻ സമ്മതിക്കുന്നു. പക്ഷേ ഈ സാധനം ഇവിടെ വിതരണം ചെയ്തിട്ടുണ്ടെന്ന് ഞാൻ ആധികാരികമായി പറയുന്നു. കാരണം.....

ശ്രീ. സി. ദിവാകരൻ: സർ, അങ്ങനെ വിതരണം ചെയ്തിട്ടുണ്ടെന്ന് പ്രതിപക്ഷ നേതാവ് സഭയിൽ പറഞ്ഞതുകൊണ്ട് അതിനെക്കുറിച്ച് അന്വേഷിക്കാം. അങ്ങയുടെ മണ്ഡലത്തിൽ നമ്മൾ രണ്ടുപേരും കൂടി ഇപ്പോൾ ഉദ്ഘാടനം ചെയ്ത സൂപ്പർ മാവേലി ബസാറുണ്ട്. അവിടെ നിന്നുതന്നെ സാധനങ്ങൾ കളക്ട് ചെയ്ത് നാളെ അന്വേഷിക്കാം.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഇതിൽ നിങ്ങളുടെ വ്യവസ്ഥയെന്താണ്? ഈ സാധനം കിട്ടിയാൽ രണ്ട് മാസത്തെ ഉത്തരവാദിത്വമേ സപ്ലൈയർക്കുള്ളൂ. ഈ സപ്ലൈയർക്കുള്ള ബാദ്ധ്യതാ പീരീഡ് കഴിയുന്നതുവരെ നിങ്ങൾ വിതരണം ചെയ്തിട്ടില്ലെന്ന് പറഞ്ഞാൽ അതിന്റെ അർത്ഥമെന്താണ്? അതിനകത്ത് വളരെ ഗുരുതരമായ പ്രശ്നങ്ങളുണ്ട്. ഞാൻ ഒരു കാര്യം കൂടി പറയട്ടെ. 20,000 രൂപയെന്ന് ശ്രീ. മാണി പറഞ്ഞപ്പോൾ അങ്ങ് പറഞ്ഞു അത് പരാതിക്കാരന്റെ പരാതിയിലുള്ള കാര്യമാണെന്ന്. ഞാൻ അത് നിഷേധിക്കുന്നില്ല. പക്ഷേ ഈ വിജിലൻസ് റിപ്പോർട്ടിൽ ഒരു കാര്യമുണ്ട്. അതിൽ 20,000-നെക്കാളും കൂടുതലാണ് പറയുന്നത്. In Green gram, there is polished, unpolished, Andhra, Australia etc. varieties. There is a wide difference in the price as between these prices, sometimes even to the extent of `.1,00,000 per load. മാണി സാർ 20,000 മാത്രമേ പറഞ്ഞിട്ടുള്ളൂ. വിജിലൻസ് റിപ്പോർട്ടിൽ പറയുന്നത് ഇങ്ങനെ. ഈ വെരിയേഷൻ വന്നാൽ ഒരു ലോഡിന് ഒരു ലക്ഷം രൂപയാകും. അത് റിപ്പോർട്ടിന്റെ അവസാന ഭാഗത്താണ് പരാമർശിക്കുന്നത്.

എത്ര ഗുരുതരമായിട്ടുള്ള പ്രശ്നമാണിത്. അങ്ങ് ഒരാളെ തിരിച്ചെടുത്തതിനെക്കുറിച്ച് അഭിമാനത്തോടുകൂടി പറഞ്ഞു. ഇന്നിപ്പോൾ ഇതൊക്കെ നിയന്ത്രിക്കുന്ന ചുമതലയും ആ തിരിച്ചെടുത്ത ഉദ്യോഗസ്ഥനാണെന്നുള്ള കാര്യം അറിയുമ്പോൾ ഇതിന്റെയൊക്കെ ഉറവിടം എവിടെയാണെന്ന് മനസ്സിലാക്കാൻ സാധിക്കും. ഇത് വളരെ ഗുരുതരമായ പ്രശ്നമാണെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇത് ജനങ്ങളുടെ ആരോഗ്യത്തെയും ജീവനെയും ബാധിക്കുന്ന പ്രശ്നമാണ്. അതീവ ഗുരുതരമായ അഴിമതി ഇതിനകത്ത് നടന്നിരിക്കുന്നു. ഇത് പ്രതിപക്ഷത്തുനിന്ന് പറയുന്നതല്ല. ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ നേതൃത്വത്തിലുള്ള വിജിലൻസ് വകുപ്പിലെ ഉദ്യോഗസ്ഥനാണ് പറയുന്നത്. ഈ റിപ്പോർട്ട് രാഷ്ട്രീയപ്രേരിതമാണോ? ഇല്ലല്ലോ? ഇതിനമേൽ കർശനമായിട്ടുള്ള നടപടിയെടുക്കാൻ, ഇതിന്റെ ഉത്തരവാദികളെ

LIBRARY ARCHIVES Kerala Legislative Assembly

കണ്ടെത്താൻ, ജുഡീഷ്യൽ അന്വേഷണം നടത്തി നടപടി സ്വീകരിക്കാൻ അടിയന്തരമായി തീരുമാനമെടുക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിന് അനുകൂലമായി പ്രതികരിക്കുമെന്നാണ് എന്റെ പ്രതീക്ഷ. മുഖ്യമന്ത്രിയിൽ നിന്ന് പ്രതികരണം കേൾക്കാൻ താൽപ്പര്യമുണ്ട്.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, ഇതിനെ സംബന്ധിച്ച് അങ്ങയുടെ കോൺസ്റ്റിറ്റ്യുവൻസിയിൽ ഈയിടെ ഉദ്ഘാടനം ചെയ്ത പുതിയ മാവേലി സ്റ്റോർ അടക്കം ഉടൻതന്നെ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുമെന്ന് വകുപ്പുമന്ത്രി ശക്തമായി ഉറപ്പുപറഞ്ഞിരിക്കുകയാണ്. അത് ഗവൺമെന്റിനുവേണ്ടി പറഞ്ഞതാണ്. അതനുസരിച്ച് യാതൊരു തരത്തിലും കുറ്റവാളികൾ രക്ഷപ്പെടാൻ ഇടയാകാത്ത വിധത്തിലുള്ള നടപടി സ്വീകരിക്കുക തന്നെ ചെയ്യും.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഇനി പുതിയ അന്വേഷണം വേണ്ട. വിജിലൻസ് അന്വേഷണമുണ്ട്. ഇതിന്റെ റിപ്പോർട്ടുണ്ട്. ഇതിന്റെ പേരിൽ നടപടി എടുക്കാൻ, അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നതിനുവേണ്ടി ഒരു ജുഡീഷ്യൽ അന്വേഷണം നടത്താൻ തയ്യാറുണ്ടോ എന്നാണ് ചോദിച്ചത്. ജനങ്ങളുടെ ജീവനേയും ആരോഗ്യത്തേയും ബാധിക്കുന്ന പ്രശ്നമാണ്. അവിടെ ഇപ്പോഴും സാധനമുണ്ട്. വിതരണം ചെയ്തിട്ടില്ല, എന്നാണ് ബഹുമാനപ്പെട്ട മന്ത്രി പോലും പറഞ്ഞത്. വിതരണം ചെയ്തിട്ടില്ല അതുകൊണ്ട് അപകടം സംഭവിച്ചിട്ടില്ല എന്നതു മാത്രമല്ല ഇവിടത്തെ പ്രശ്നം. ഈ വിജിലൻസ് റിപ്പോർട്ട് തെറ്റാണെന്ന് മന്ത്രിപോലും പറയുന്നില്ല.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, ജുഡീഷ്യൽ അന്വേഷണത്തിനുള്ള തകരാറ്, നല്ല നിലയിലുള്ള ഫൈൻഡിംഗ്സ് കൊല്ലങ്ങൾക്കുശേഷം വരുമെങ്കിലും അങ്ങ് ഇവിടെ വായിച്ച വിജിലൻസ് റിപ്പോർട്ടിൽതന്നെ ഇപ്പോൾ ആക്ട് ചെയ്യാവുന്ന തരത്തിലുള്ള കാര്യങ്ങളെല്ലാമുണ്ട്. ആ നിലയിൽ നമ്മുടെ സത്യസന്ധരായ ഉദ്യോഗസ്ഥന്മാർ തരുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ കാര്യങ്ങൾ ചെയ്യാം. ജനങ്ങളുടെ ക്ഷേമത്തെ ഇത്തരത്തിൽ ചൂതാടുന്ന കള്ളന്മാർക്ക് എന്തെല്ലാം തരത്തിൽ ശിക്ഷ കൊടുക്കാൻ കഴിയുമ്മോ അതിനെല്ലാം ഈ ഗവൺമെന്റ് അനുകൂലം തന്നെയാണ്. വകുപ്പുമന്ത്രി അത് വ്യക്തമാക്കിക്കഴിഞ്ഞു. അങ്ങയുടെ ചോദ്യത്തിന് ഒന്നുകൂടി ഞാൻ ഉറപ്പ് പറയുകയാണ്.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ഞങ്ങൾക്ക് അവിടെയാണ് സംശയം. ഈ റിപ്പോർട്ട് ഡിസംബർ 3-ാം തീയതി കൊടുത്തതാണ്. ഈ റിപ്പോർട്ട് കേട്ടു വകുപ്പുമന്ത്രിയുടെ കയ്യിലുമുണ്ട്. ഇല്ലെന്ന് പറയാൻ പറ്റില്ല. അത് അദ്ദേഹം ഇവിടെ വായിച്ചു. ഈ റിപ്പോർട്ട് മന്ത്രിയുടെ കയ്യിൽ.....

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, ഒരാളിനെ പിരിച്ചുവിട്ടു, നാലുപേരെ സസ്പെന്റ് ചെയ്തു. തുടർന്ന എന്തെല്ലാം നടപടികൾ വേണമെന്നുള്ളതിനെപ്പറ്റി പഠിച്ച് ആവശ്യമായ കാര്യങ്ങൾ ചെയ്യാവുന്നതേയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഈ റിപ്പോർട്ട് കയ്യിൽ കിട്ടിയാൽ, ജനങ്ങളോട് കമിറ്റ്മെന്റുള്ള ഒരു ഭരണാധികാരിയാണെങ്കിൽ അതനുസരിച്ച് ചെയ്യേണ്ട കാര്യങ്ങൾ ചെയ്യണം. ഇത് ഒന്നും ചെയ്തിട്ടില്ല. ഡിസംബർ 3-ാം തീയതിയാണ് എസ്.പി. ഈ റിപ്പോർട്ട് കൊടുത്തത്.

ശ്രീ. വി. എസ്. അച്യുതാനന്ദൻ: സർ, സാധനങ്ങൾ വാങ്ങിക്കൊണ്ടു വരുന്നത് പലതരത്തിൽ കോൺട്രാക്ട് എടുത്തിട്ടുള്ള ആളുകളാണ്. മന്ത്രി അല്ലല്ലോ? ആ കോൺട്രാക്ട് എടുത്തിരിക്കുന്ന ആളുകൾ അമിത ലാഭം കിട്ടാൻ വേണ്ടി പലതരത്തിലുള്ള സൂത്രവിദ്യകളും കാണിക്കും. ഇതുപോലെ സർപ്രൈസ്ഡായിട്ടുള്ള വിജിലൻസ് അന്വേഷണം വരുമ്പോഴാണ് അവർക്കുപോലും മനസ്സിലാകാത്ത വിധത്തിൽ കാര്യങ്ങൾ പുറത്തുവരുന്നത്. അങ്ങനെ പുറത്തുവരുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എത്ര പേർക്കെതിരെ നടപടിയെടുക്കാൻ കഴിയുമോ, കുറ്റക്കാരാണെന്ന് ബോധ്യമായാൽ അവരെ കർശന നടപടിക്ക് വിധേയമാക്കി നമുക്ക് ശിക്ഷിക്കാൻ കഴിയും.

ശ്രീ ഉമ്മൻ ചാണ്ടി: സർ, ഒരു കൊല്ലം മുൻപ് പത്തി കൊടുത്തിട്ട് അന്വേഷിക്കാത്ത പരാതിയാണ് ഇവിടെ പറഞ്ഞത്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു, ഈ സാധനങ്ങൾ വാങ്ങിയതിന്റെ പേമെന്റ് നിങ്ങൾ കൊടുത്തോ?

(ശ്രീ. സി. ദിവാകരൻ): സർ, പേമെന്റ് സ്റ്റോപ്പ് ചെയ്യാൻ ഉത്തരവിട്ടിരിക്കുകയാണ്.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഉത്തരവിട്ടത് ഇപ്പോഴല്ലേ? ഇതിനുമുമ്പ് കൊടുത്തോ?

ശ്രീ. സി. ദിവാകരൻ: സർ, 3-ാം തീയതിയാണ് അങ്ങയുടെ കയ്യിൽ റിപ്പോർട്ട് കിട്ടിയതെന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞത്. ഈ റിപ്പോർട്ട് 7-ാം തീയതിയാണ് എന്റെ കയ്യിൽ കിട്ടുന്നത്. 12-ാം തീയതി തന്നെ നടപടിയെടുത്ത് ആളുകളെ സസ്പെന്റ് ചെയ്യാൻ തുടങ്ങിയിട്ടുണ്ട്. ഇപ്പോഴും ആ നടപടി തുടരുന്നു. (ബഹളം).... പേമെന്റ് കൊടുത്തോ ഇല്ലയോയെന്ന് അവിടെ അന്വേഷിച്ചാലേ പറയാൻ പറ്റൂ. .....(ബഹളം)..... പണ്ട് പേമെന്റ് കൊടുക്കുന്നത് മന്ത്രിമാരായിരുന്നു. ഇപ്പോൾ മന്ത്രിമാർ കൊടുക്കില്ല. അവരാണ് കൊടുക്കുന്നത്.

ശ്രീ ഉമ്മൻ ചാണ്ടി: സർ, എഴാം തീയതി റിപ്പോർട്ട് കയ്യിൽ കിട്ടിയെന്നുള്ള കാര്യം അങ്ങ് സമ്മതിച്ചു. 7-ാം തീയതി റിപ്പോർട്ട് കിട്ടിയിട്ട് എന്തുകൊണ്ട് ഇന്നലെ പുറപ്പെടുവിച്ചതുപോലുള്ള ഉത്തരവ് പുറപ്പെടുവിച്ചില്ല. രണ്ടാഴ്ച കഴിഞ്ഞിട്ടും എന്തുകൊണ്ട് അങ്ങനെ ചെയ്തില്ല. രണ്ടാമതായി ഈ റിപ്പോർട്ടിൽ പറയുന്നതുപോലെ മൂന്ന് ജില്ലകളിലെ സാമ്പിൾ നോക്കിയപ്പോൾ ഇതാണ് സ്ഥിതിയെങ്കിൽ, അതിവ ഗുരുതരമാണ്. കേരളത്തിലൊട്ടാകെ റെയ്ഡ് നടത്തണമെന്ന് പറഞ്ഞിട്ട് എന്ത് നടത്തി? പേമെന്റ് കൊടുക്കുന്നത് നിങ്ങൾ തടഞ്ഞോ? ഇല്ലല്ലോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. ദിവാകരൻ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പലതവണ മുഖ്യമന്ത്രിയായ ആളാണ്. സർക്കാരിന്റെ നടപടിക്രമങ്ങളിൽ സ്വാഭാവികമായ കാലതാമസം ഇതിൽ എന്ത് ചെയ്തുവെന്ന് ചോദിച്ചാൽ, എസ്.പി.-യും എസ്.ഐ.-യും കോൺസ്റ്റബിളും അടങ്ങുന്ന പോലീസിന്റെ ഒരു വിജിലൻസ് സ്കാഡ് സിവിൽ സപ്ലൈസിനുണ്ട്. ആ വിജിലൻസ് സ്കാഡ് ഇപ്പോൾ സ്റ്റേറ്റ് മുഴുവൻ പരിശോധന നടത്തിക്കൊണ്ടിരിക്കുകയാണ്. അതിന് ഓർഡറിട്ട് സ്പെഷ്യൽ ടീം പോയിരിക്കുകയാണ്. അതിന്റെ നടപടികളെല്ലാം വരുന്ന മുറയ്ക്ക് തീർച്ചയായും സമ്പൂർണ്ണമായി നടപടിയെടുക്കും ഞാൻ ആദ്യമേ പറഞ്ഞു, ഇതിൽ യാതൊന്നും ഒളിച്ചുവയ്ക്കാനില്ല. കുറ്റവാളികളെയെല്ലാം നിയമത്തിനുമുന്നിൽ കൊണ്ടുവരും.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഏതായാലും 7-ാം തീയതി കിട്ടിയ റിപ്പോർട്ടിന്റെ പേരിൽ കഴിഞ്ഞ 14 ദിവസമായി പേമെന്റ് കൊടുത്തോ ഇല്ലയോ എന്ന് അങ്ങ് അന്വേഷിച്ചില്ല. 14 ദിവസം കഴിഞ്ഞ് ഇന്നലെ, 21-ാം തീയതിയാണ് ഓർഡർ ഇറക്കിയത്. ഈ വിജിലൻസ് റിപ്പോർട്ട് കിട്ടിയതിനുശേഷവും 14 ദിവസം ആക്ട് ചെയ്യാതിരുന്ന അങ്ങയുടെ ഈ നടപടിയിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ നേതാവ് ശ്രീ. ഉമ്മൻ ചാണ്ടിയും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ശ്രീ. കെ. എം. മാണി: സർ, വാസ്തവത്തിൽ ഇവിടെ പേമെന്റ് കൊടുത്തോ ഇല്ലയോ എന്ന് ഞാൻ അന്വേഷിച്ചില്ല എന്ന ഉത്തരം പറഞ്ഞതുതന്നെ ഈ നിയമസഭയോടുള്ള അവഹേളനമാണ്. ഇന്നലെ നിയമസഭയിൽ ചോദിച്ചു, അതിനുശേഷം എന്റെ അടിയന്തര പ്രമേയം താഴെ വന്നതാണ്. പേമെന്റ് കൊടുത്തോ ഇല്ലയോയെന്ന് ഫോണിൽ വിളിച്ച് ഉദ്യോഗസ്ഥനോട് ചോദിച്ചാൽ മതി. അടിയന്തരപ്രമേയത്തിന് നോട്ടീസ് കിട്ടിയിട്ടും പേമെന്റ് കൊടുത്തു. എന്റെ അടിയന്തരപ്രമേയത്തിലെ പ്രധാനപ്പെട്ട കാര്യം പേമെന്റ് തടഞ്ഞുവയ്ക്കണമെന്ന് പറഞ്ഞിട്ടും തടഞ്ഞു വച്ചില്ലായെന്നതാണ്. അപ്പോൾ പേമെന്റ് കൊടുത്തോ ഇല്ലയോ എന്ന കാര്യം അന്വേഷിച്ചില്ല എന്നുള്ള മന്ത്രിയുടെ ഉത്തരം എത്ര നിരുത്തരവാദപരമാണ്. ഇത് വിതരണം ചെയ്തിട്ടില്ലായെന്ന് അദ്ദേഹം പറഞ്ഞു. ഞാനും ഉത്തരവാദിത്തത്തോടെ പറയുന്നു ഇത് വിതരണം ചെയ്തു. വിതരണം ചെയ്തുകൊണ്ടിരിക്കുകയാണ്. It is a continuous process. അഡൽറ്ററേറ്റഡായിട്ടുള്ള ഫുഡ് ഈ ഗോഡൗണുകളിൽ നിന്ന് കണ്ടിന്യൂവസ് പ്രോസസ്സായി വിതരണം ചെയ്തുകൊണ്ടിരിക്കുന്നു. ഇവിടത്തെ വിജിലൻസ് റിപ്പോർട്ടിലെ ഒരു സെന്റൻസ്, ... in the case of Green Gram, which is widely used in the Noon Meal Scheme for school children tatrazine - a - harmful chemical has been added. This is unpardonable crime. അപ്പോൾ ഇത് വിതരണം ചെയ്തിട്ടില്ല എന്ന് പറഞ്ഞാൽ എങ്ങനെയാണ്. കുട്ടികൾക്ക് വിതരണം ചെയ്ത് അവർ കഴിച്ചുകൊണ്ടിരിക്കുന്ന

ക്ഷേണത്തിൽ ടെട്രോക്സിൻ കലർന്നിട്ടുണ്ടെന്ന ക്ലിയറായിട്ടുള്ള റിപ്പോർട്ടുണ്ട്. ഇത് വിതരണം ചെയ്തില്ലായെന്ന് പറയുന്നതിൽ എന്ത് അർത്ഥമാണുള്ളത്. നിയമസഭയെ ഇങ്ങനെ പറ്റിക്കാമോ? ഇതുപോലെ അസത്യങ്ങൾ പറയാമോ? ഇത് വളരെ ഗുരുതരമായ ഒരു കാര്യമാണ്. വാസ്തവത്തിൽ ഇതിനൊക്കെ മന്ത്രിമാർക്കും റെസ്പോൺസിബിലിറ്റിയുണ്ട്. The responsibility of the department is the responsibility of the Minister. ചുമ്മാതെ കൈയും കഴുകിയിരിക്കാൻ പറ്റില്ല. മന്ത്രിക്കുകൂടി ഇതിൽ ഉത്തരവാദിത്വമുണ്ട്. മുഖ്യമന്ത്രി ഇതിനെപ്പറ്റി അന്വേഷണം നടത്തണം. അന്വേഷണം പൂർത്തിയാക്കുന്നതുവരെ സിവിൽ സപ്ലൈസ് വകുപ്പുമന്ത്രിയെ മാറ്റി നിർത്തി കൊണ്ടുള്ള അന്വേഷണം നടത്തണം. സർക്കാരിന്റെ ഈ നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. എം. മാണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. സി. ടി. അഹമ്മദ് അലി: സർ, സംസ്ഥാനത്തെ ജനങ്ങളെയും കുട്ടികളെയും ഏറ്റവുമധികം ബാധിക്കുന്ന ഗുരുതരമായ പ്രശ്നത്തിലേക്കാണ് ബഹുമാനപ്പെട്ട മാണി സാർ ഈ അടിയന്തരപ്രമേയത്തിലൂടെ സഭയുടെ ശ്രദ്ധ ക്ഷണിച്ചിരിക്കുന്നത്. ഗുരുതരമായ ഈ പ്രശ്നത്തിന് വളരെ ലാഘവത്തോടുകൂടിയ മറുപടിയാണ് ബഹുമാനപ്പെട്ട ഭക്ഷ്യ വകുപ്പുമന്ത്രി ഈ സഭയിൽ നൽകിയിരിക്കുന്നത്. വാസ്തവത്തിൽ ഇതുസംബന്ധിച്ച് എടുത്ത നടപടികൾ, വളരെ ചുരുങ്ങിയ ഉദ്യോഗസ്ഥന്മാരുടെ പേരിൽ നടപടിയെടുത്തു എന്നല്ലാതെ, ഇതിന്റെ കോൺട്രാക്ടറുടെ പേരെന്ത് തടഞ്ഞുവയ്ക്കാൻ ഗവൺമെന്റ് ആവശ്യമായ നടപടി സ്വീകരിക്കാതിരുന്നത് വളരെ വലിയ വീഴ്ചയാണ്. മൂന്ന് ജില്ലകളിൽ നടത്തിയ റെയ്ഡിൽ തന്നെ ഒട്ടേറെ സാമ്പിളുകൾ എടുത്തതിൽ മായം ചേർത്തതായി കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് ഇത്തരം പ്രശ്നങ്ങൾ ഗൗരവത്തിലെടുക്കാതെ ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത് ശരിയായ നടപടി അല്ല. അതുകൊണ്ടുതന്നെ ഇതിനെ സംബന്ധിച്ച് സമഗ്രമായ ഒരു അന്വേഷണം, ഇതിന്റെ സത്യാവസ്ഥ ഈ റാക്കറ്റിന്റെ പിന്നിൽ ആരെല്ലാം ഉണ്ടെന്നും അതുപോലെ തന്നെ ഒരു ജുഡീഷ്യൽ അന്വേഷണം നടത്തിക്കൊണ്ട് ഇതിന്റെ ഉറവിടം കണ്ടുപിടിക്കുകയും ഇതുമായി ബന്ധപ്പെട്ട മുഴുവൻ ആളുകളെയും കണ്ടെത്തി അവർക്കെതിരെ ഗവൺമെന്റ് ശക്തമായ നടപടി സ്വീകരിക്കുകയും വേണം. ഈ ഗുരുതരമായ പ്രശ്നം സഭയിൽ ചർച്ച ചെയ്യുന്നതിനുള്ള അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷികളും വാക്കൗട്ട് നടത്തുകയാണ്.

ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് (ശ്രീ. സി. ടി. അഹമ്മദ് അലിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി. സഭവിട്ട് പുറത്തുപോയ പ്രതിപക്ഷ പാർട്ടിയിൽപ്പെട്ട അംഗങ്ങൾ അല്പസമയത്തിനുശേഷം തിരികെ വന്നു.)

LIBRARY ARCHIVES Kerala Legislative Assembly